ഇ.എസ്7/20523/2017/(3)ആ.വ.ഡ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം

തീയതി: 22 /07/2022

## നോട്ടീസ്

വിഷയം:- ആ.വ. - 31.12.2015 വരെ പി. ജി. യോഗ്യത നേടിയ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ ഇഎൻടി സ്പെഷ്യാലിറ്റിയിൽ ഉൾപ്പെട്ട ഡോ.ഗ്രീഷ്മ.എം.ബിയെ ടി സീനിയോറിറ്റി പട്ടികയിൽ നിന്നും താത്കാലികമായി നീക്കം ചെയ്തുകൊണ്ട് നോട്ടീസ് പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്-

സൂചന :-
1. ജി.ഒ (പി)നം. 69/2010/H & FWD, തീയതി. 17.02.2010
2. ജി ഒ(പി ) നം.39/2005/ഫിൻ തീയതി 30 01.2005
3. ഉത്തരവ് നം.ഇഎസ്7/3134/16/ആ വഡ തീയതി 20.06.2016 & 21.06.2016
4. ഡോ.ഗ്രീഷ്മ എം.ബിയുടെ ഇമെയിൽ സന്ദേശം തീയതി 27.04.2022

31.12.2015 വരെ പി ജി യോഗ്യത നേടിയ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ ഇഎൻ റ്റി സ്പെഷ്യാലിറ്റിയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തവരുടെ ലിസ്റ്റിൽ (ലിസ്റ്റ് II) സീനിയോറിറ്റി നം. " 6" ആയി ഉൾപ്പെട്ടിരുന്ന ഡോ.ഗ്രീഷ്മ എംബി 02/07/2014 പൂർവ്വാഹ്നത്തിൽ സർവ്വീസിൽ പ്രവേശിച്ചതായും ജൂലൈ 2014 ൽ പി ജി യോഗ്യത നേടിയതായും സൂചന (3) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടിയാരി അസിസ്റ്റന്റ് സർജൻകേഡറിലെ പ്രൊബേഷൻ പൂർത്തീകരിച്ചതായും അതിനാൽ പ്രൊബേഷൻ പൂർത്തീകരിച്ചവരുടെ ലിസ്റ്റിൽ (ലിസ്റ്റ് – 1) ഉൾപ്പെടുത്തുന്നതിനുമായി സൂചന (4) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷക്കൊപ്പമുള്ള പ്രൊബേഷൻ ഉത്തരവിൽ 02.07.2014 പൂർവ്വാഹ്നത്തിൽ അസിസ്റ്റന്റ് സർജനായി സർവ്വീസിൽ പ്രവേശിച്ച ടിയാരി പ്രൊബേഷൻ പൂർത്തിയാക്കുംമുമ്പ് Appendix XII B Part I KSR പ്രകാരം 2 വർഷത്തേയ്ക്ക് ശൂന്യവേതനാവധി എടുത്തതിനാൽ ലീവ് കഴിഞ്ഞ് തിരികെ സർവ്വീസിൽ പ്രവേശിച്ച 10.03.2018 പൂർവ്വാഹ്നം മുതൽ പുതിയ പ്രവേശകമായി കണക്കാക്കിയിരിക്കുന്നു. ഇപ്രകാരം 10.03.2018 പൂർവ്വാഹ്നം മുതൽ പുതിയ പ്രവേശകയായി കണക്കാക്കിയിരിക്കുന്നതിനാൽ ഡോ.ഗ്രീഷ്മ എം.ബിയ്ക്ക് 2016 ലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയില്ല. അതിനാൽ ഡോ.ഗ്രീഷ്മ എം.ബി യെ 2016 ലെ അന്തിമ സീനിയോറിറ്റി പട്ടികയിൽ നിന്നും നീക്കം ചെയ്യാൻ താല്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

ടി താത്ക്കാലിക തീരുമാനത്തിനെതിരെ താങ്കൾക്ക് ആക്ഷേപങ്ങളോ പരാതികളോ ഉണ്ടെങ്കിൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 7ദിവസത്തിനുള്ളിൽ രേഖാമൂലം ഉചിതമാർഗ്ഗേനയോ, ഇ-മെയിൽ (essectiondhs@gmail.com) മുഖാന്തിരമോ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത നോട്ടീസിനെതിരെ ആക്ഷേപമില്ല എന്ന നിഗമനത്തിൽ താത്കാലിക തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

ഒപ്പ്/-

**ഡോ.പ്രീത.പി.പി**

ആരോഗ്യവകുപ്പ് ഡയറക്ടർ (i/c)

സ്വീകർത്താവ്

വ്യക്തിക്ക് (ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)

പകർപ്പ്

1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർക്ക്(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)
2. ബന്ധപ്പെട്ട സ്ഥാപന മേധാവിക്ക്(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)
3. സീനിയർ സൂപ്രണ്ട് , ഇഎ സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്